(എ) പീഡിത ചെറുകിട വ്യവസായങ്ങൾ പുനരുദ്ധരിക്കുന്നതിനായി ഈ സർക്കാർ സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ;

(ബി) ഈ സർക്കാർ അധികാരമേൽക്കുമ്പോൾ എത്ര പീഡിത വ്യവ സായ യൂണിറ്റുകളുണ്ടായിരുന്നുവെന്ന് വെളിപ്പെടുത്തുമോ;

(സി) ഈ യൂണിറ്റുകളുടെ പുനരുദ്ധാരണത്തിനുവേണ്ടി ആകെ എന്തു തുകയാണ് ചെലവഴിച്ചിട്ടുള്ളത്;

(ഡി) 2000 - മാണ്ടോടുകൂടി ഈ യൂണിറ്റുകളെ പൂർണ്ണമായും ലാഭകരമായി പ്രവർത്തിപ്പിക്കുവാൻ നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) റിപ്പോർട്ട് ചെയ്യപ്പെടുന്ന പീഡിത വ്യവസായങ്ങളെ ബന്ധപ്പെട്ട ധനകാര്യസ്ഥാപനങ്ങളുടെ അംഗീകാരത്തോടുകൂടി പീഡിത വ്യവസായ പുനുരുദ്ധാരണ പദ്ധതിയിൻകീഴിൽ പീഡിത യൂണിറ്റായി രജിസ്റ്റർ ചെയ്യുന്നു. ഇങ്ങനെ രജിസ്റ്റർ ചെയ്യപ്പെടുന്ന യൂണിറ്റുകൾക്ക് പുനരുദ്ധാരണ പ്രോജക്ട് റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഒരു ലക്ഷം രൂപ വരെ മാർജിൻ മണി വായ്പ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കുന്നതിന് സബ്സിഡി, സെയിൽസ് ടാക്സ് കുടിശ്ശികയ്ക്ക് മൊറട്ടോറിയം, പുനരുദ്ധരിച്ചതിനു ശേഷം സെയിൽസ് ടാക്സ് ഇളവ്, പുനരുദ്ധരിക്കുന്നതിന് സ്ഥിരമൂലധന നിക്ഷേപമു ണ്ടെങ്കിൽ 15% സ്റ്റേറ്റ് ഇൻവെസ്റ്റ്മെന്റ് സബ്സിഡി, റവന്യൂ റിക്കവറി നടപടി നിർത്തിവെയ്ക്കൽ, ഗവൺമെന്റിലേയ്ക്കും മറ്റ് ധനകാര്യ സ്ഥാപനങ്ങളി ലേയ്ക്കും അടയ്ക്കുവാനുള്ള കുടിശ്ശികയ്ക്ക് സാവകാശം അടയ്ക്കുവാനുള്ള സൗകര്യവും പുന:ക്രമീകരണവും, വിഭേദിക്കപ്പെട്ട കറണ്ട് കണക്ഷൻ പുന: സ്ഥാപിച്ചു കൊടുക്കൽ മുതലായ സഹായങ്ങൾ ചെയ്തുവരുന്നു. സിക്ക് യൂണിറ്റുകളുടെ പുനരുദ്ധാരണ സാദ്ധ്യതകൾ കണ്ടെത്തുന്നതിനും പുനരുദ്ധ രിക്കുന്നതിനുവേണ്ടി തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നീ ജില്ലകളിൽ 1997-98 കാലയളവിലും ഇതുൾപ്പെടെ 10 ജില്ലകളിൽ 1999-2000 കാലയളവിലും കിറ്റ്കോയിലെ പ്രോഗ്രാം ഓഫീസേഴ്സിനെ നിയമിച്ചു പ്രവർത്തിച്ചു വരികയാണ്.

(ബി)ആന്റ് (സി) വിവരം ശേഖരിച്ചു നൽകുന്നതാണ്.

(ഡി) പീഡിത വ്യവസായ പുനരുദ്ധാരണത്തിനായി കിറ്റ്കോയെ ഉൾപ്പെടുത്തിക്കൊണ്ട് ഇത്തരം ഒരു പദ്ധതി സർക്കാർ നടപ്പാക്കിക്കൊണ്ടിരി ക്കുകയാണ്.

15 (1241) ലാഭത്തിൽ പ്രവർത്തിക്കുന്ന പൊതുമേഖലാ സ്ഥാപ നങ്ങൾ

ശ്രീമതി ഭാർഗ്ഗവി തങ്കപ്പൻ : താഴെ കാണുന്ന ചോദ്യത്തിന് വ്യവസാ യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്ത് ലാഭത്തിൽ പ്രവർത്തിക്കുന്ന പൊതുമേഖലാ സ്ഥാപന ങ്ങൾ ഏതൊക്കെയാണെന്നും അവയുടെ കഴിഞ്ഞ വർഷത്തെ ലാഭം എത്ര വീതമാണെന്നും വ്യക്തമാക്കുമോ?

ഉത്തരം

കമ്പനി നിയമപ്രകാരം 1998-99 വർഷത്തിലെ ലാഭനഷ്ട കണക്കുകൾ ആഡിറ്റ് ചെയ്ത് പൂർത്തീകരിക്കാൻ 1999 സെപ്റ്റംബർ 30 വരെ സമയമുള്ളതി

LIBRARY ARCHIVES Kerala Legislative Assembly

നാൽ എല്ലാ പൊതുമേഖലാ സ്ഥാപനങ്ങളിലെയും 1998-99 വർഷത്തെ കണക്കുകൾ ശേഖരിച്ചുവരുന്നതേയുള്ളൂ. 1997-98-ലെ കണക്കുകൾ പ്രകാരം സംസ്ഥാനത്ത് 42 പൊതുമേഖലാ സ്ഥാപനങ്ങൾ ലാഭത്തിൽ പ്രവർത്തിക്കുന്നുണ്ട്. അവയുടെ പേരും ലാഭത്തിന്റെ കണക്കും കാണിക്കുന്ന സ്റ്റേറ്റ്മെന്റ് അനുബന്ധമായി വച്ചിട്ടുണ്ട്.†

**16 (1242) കിൻഫ്രായുടെ ആഭിമുഖ്യത്തിൽ ആരംഭിക്കുന്ന വ്യവസായ പാർക്കുകൾ**

ശ്രീ. കെ.സി. ജോസഫ് :
ശ്രീ. കെ.കെ. രാമചന്ദ്രൻ മാസ്റ്റർ :
ശ്രീ. കെ. സുധാകരൻ :
ശ്രീ. ബി. വിജയകുമാർ :
ശ്രീ. കെ. മുഹമ്മദാലി : താഴെ കാണുന്ന ചോദ്യത്തിന് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കിൻഫ്രായുടെ ആഭിമുഖ്യത്തിൽ ഈ വർഷം തുടങ്ങാനുദ്ദേശിക്കുന്ന വ്യവസായ പാർക്കുകൾ ഏതെല്ലാമെന്ന് വ്യക്തമാക്കുമോ?

ഉത്തരം

കിൻഫ്ര ഈ വർഷം പുതുതായി നിർമ്മാണ പ്രവർത്തനങ്ങളാരംഭിക്കുന്ന പ്രോജക്ടുകൾ താഴെപ്പറയുന്നവയാണ്.

1. ചെറുകിട വ്യവസായ പാർക്ക്, മഴുവന്നൂർ, എറണാകുളം
2. ചെറുകിട വ്യവസായ പാർക്ക്, ശീതഗോളി, കാസർഗോഡ്
3. ചെറുകിട വ്യവസായ പാർക്ക്, എലഞ്ഞോളി, തലശ്ശേരി
4. ചെറുകിട വ്യവസായ പാർക്ക്, വയനാട്
5. മൈൻ പ്രോഡക്ട്സ് ഇൻഫ്രാസ്ട്രക്ചർ ഫെസിലിറ്റി സെന്റർ, അരൂർ, ആലപ്പുഴ.

കൂടാതെ കഴക്കൂട്ടത്ത് ഫിലിം വീഡിയോ പാർക്കും ഇടുക്കി ജില്ലയിൽ ഹെർബൽ പാർക്കും കളമശ്ശേരിയിൽ ഒരു ഹൈടെക് പാർക്കും സ്ഥാപിക്കുന്നതിനുള്ള സാദ്ധ്യതാ പഠനം പൂർത്തിയാക്കിയിട്ടുണ്ട്. ഈ പാർക്കുകളുടെ നിർമ്മാണ പ്രവർത്തനങ്ങളും ഈ വർഷം തന്നെ ആരംഭിക്കാനാവുമെന്ന് പ്രതീക്ഷിക്കുന്നു.

**17 (1243) കേരളാ ഓട്ടോ മൊബൈൽസിന്റെ ഉത്പാദനശേഷി**

ശ്രീ. എം.കെ. മുനീർ :
ശ്രീ. കെ.പി.എ. മജീദ് :
ശ്രീ. സി. മൊയീൻകുട്ടി :
ശ്രീ. നാലകത്ത് സൂപ്പി :
ശ്രീ. പി.കെ. അബ്ദുറബ്ബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളാ ഓട്ടോമൊബൈൽസ് ലിമിറ്റഡിന്റെ ഉത്പാദനശേഷി എത്രയാണ്;

---

† അനുബന്ധം ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly